ആർ.സി.എസ്/7455/2020/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി :31.12.2020.

സർക്കുലർ നമ്പർ: 84/2020

വിഷയം:- സഹകരണ വകുപ്പ് - സാന്ത്വനം ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.1671- ന് "ബി" ക്ലാസ്സ് ഓഹരി സമാഹരണത്തിനുള്ള അനുമതി -സംബന്ധിച്ച്.

സൂചന:- 1. സംഘം ഭരണസമിതിയുടെ 14.01.2020 - ലെ 3-ാം നമ്പർ തീരുമാനം.
2.കൊല്ലം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 12.11.2020, 27.11.2020- കളിലെ എച്ച്.എം/4732/2020 നമ്പർ കത്തുകൾ.

സാന്ത്വനം ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.1671 - ന് അഷ്ടമുടി ഹോസ്പിറ്റൽ & ട്രോമോ കെയർ സെന്റർ വാങ്ങുന്നതിനും, സാന്ത്വനം ആശുപത്രിയിൽ അടിയന്തിരമായി ചെയ്ത് തീർക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഫണ്ട് സമാഹാരിക്കുന്നതിനായി സംഘത്തിന്റെ 'ബി' ക്ലാസ് ഓഹരികൾ സഹകരണ സ്ഥാപനങ്ങൾക്കോ, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കോ വിതരണം ചെയ്യുന്നതിന് അനുവാദത്തിനായി സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനമെടുത്ത് സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) വഴി അപേക്ഷിച്ചിരിക്കുന്നു. സംഘത്തിന്റെ 'ബി' ക്ലാസ് ഓഹരികൾ ഗവൺമെന്റിനോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ, സഹകരണ സ്ഥാപനങ്ങൾക്കോ, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കോ, വിതരണം ചെയ്യാൻ ടി സംഘത്തിന്റെ നിയമാവലി 6(ഡി)യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശപ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു.

സൂചന(1)തീരുമാനത്തിന്റെയും സൂചന(2)റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാന്ത്വനം ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.1671-ന് ഫണ്ട്

സമാഹരിക്കുന്നതിലേക്കായി ടി സംഘത്തിന്റെ 'ബി' ക്ലാസ് ഓഹരികൾ സഹകരണ സംഘം രജിസ്ട്രാരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും,സാന്ത്വനം ഹോസ്പിറ്റൽ സഹകരണ ആശുപത്രിസഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽപ്പെട്ടതുമായ സഹകരണ സ്ഥാപനങ്ങൾക്ക് അവയുടെ പൊതുഫണ്ട് ഉപയോഗിച്ച് അതാതു സഹകരണ സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നു.

ഇപ്രകാരം സാന്ത്വനം ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം മറ്റു സഹകരണ സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന ഓഹരി തുക 5(അഞ്ച്)കോടി രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല. സാന്ത്വനം ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം, സഹകരണ ചട്ടങ്ങൾക്കും,സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദേശങ്ങൾക്കും വിധേയമായി വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ വസ്തുവും കെട്ടിടവും വാങ്ങാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നു.

ഒപ്പ്
ഡോ.നരസിംഹഗരി.റ്റി.എൽ.റെഡ്ഡി,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
സാന്ത്വനം ഹോസ്പിറ്റൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.ക്യൂ.1671
കല്ലുവാതുക്കൽ പി.ഒ, കൊല്ലം -691578.

പകർപ്പ്:- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കൊല്ലം.
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ ✓
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി.)